(സി) റിലയൻസ് പെട്രോളിയം ആന്ധ്രാപ്രദേശിൽ പ്രകൃതി വാതക ഡിപ്പോസിറ്റ് കണ്ടെത്തിയതോടെ പുതുവൈപ്പിനിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന എൽ. എൻ.ജി. ടെർമിനൽ വേണ്ടെന്നു വച്ചിട്ടുണ്ടോ?

ഉത്തരം

(എ) വാതക വിലയെ സംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകാതിരുന്നതിനാൽ കേരളത്തിലെ ഒരു കമ്പനിയും ഇക്കാര്യത്തിൽ ധാരണ ഉണ്ടാക്കിയിരുന്നില്ല.

(ബി) കൊച്ചി എൽ.എൻ.ജി. പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അനുമതിയും അംഗീകാരവും പദ്ധതിയുടെ പ്രമോട്ടറായ പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന സ്ഥാപനത്തിനു ലഭിച്ചു കഴിഞ്ഞു. പദ്ധതി അവലോകനം നടത്താൻ മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം 19-11-2003-ൽ തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായി.

(സി) ഇല്ല. എൽ.എൻ.ജി. ടെർമിനൽ പ്രാവർത്തികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

16 [1487] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരുടെ ശമ്പള വ്യവസ്ഥ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചരിത്രസംഭവ സ്മാരക ബോധവൽക്കരണ മ്യൂസിയം കടയ്ക്കലിൽ ആരംഭിക്കാൻ നടപടി

17 [1488] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്വാതന്ത്ര്യ സമരത്തിലെ ശ്രദ്ധേയമായ കടയ്ക്കൽ വിപ്ലവ വേളയിൽ തീവെച്ചതും ഓടു തകർക്കപ്പെട്ടതുമായ പോലീസ് സ്റ്റേഷനാണ് അറ്റകുറ്റപ്പണി ചെയ്ത് ഇപ്പോൾ കടയ്ക്കൽ സർക്കിൾ ഇൻസ്പക്ടറുടെ ഓഫീസായി പ്രവർത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly